LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ജില്ലയിൽ മൃഗാശുപത്രികൾ ഇല്ലാത്ത പഞ്ചായത്തുകൾ

86 [1218] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മൃഗാശുപത്രികൾ ഇല്ലാത്ത എത്ര പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പഞ്ചായത്തുകളിൽ അവ അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2 എണ്ണം.

(ബി ആന്റ് സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

പൂക്കോട് വെറ്ററിനറി കോളേജ്

87 [1219] ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പൂക്കോട് വെറ്ററിനറി കോളേജിന്റെ കെട്ടിട നിർമ്മാണം ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) 2000-2001 മുതൽ 2003-2004 വരെയുള്ള വെറ്ററിനറി കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ബഡ്ജറ്റിൽ എത്ര രൂപ വീതം വകയിരുത്തിയിട്ടുണ്ട്;

(സി) ബഡ്ജറ്റിൽ വകയിരുത്തിയ തുക കാർഷിക സർവ്വകലാശാല അധികൃതർ വകമാറ്റി ചെലവ് ചെയ്തത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ നടപടിക്കെതിരെ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത കോളേജിലെ വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ എവിടെയാണ് നടന്നുവരുന്നത്;

(ജി) കോളേജിനുവേണ്ടിയുള്ള കെട്ടിട നിർമ്മാണം പൂർത്തിയാക്കി അവിടെ എപ്പോൾ ക്ലാസ്സ് തുടങ്ങാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്;

(എച്ച്) ലബോറട്ടറി, ലൈബ്രറി, ഹോസ്റ്റൽ മുതലായവയുടെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഐ) വെറ്ററിനറി കോളേജ് മണ്ണുത്തിയിൽ തന്നെ നിലനിർത്തുന്നതിന് സർവ്വകലാശാല അധികൃതർ ശ്രമിക്കുന്നുണ്ടെന്ന പത്രവാർത്ത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിച്ച തെന്ന് വ്യക്തമാക്കാമോ;

(ജെ) പ്രസ്തുത കോളേജിനോടനുബന്ധിച്ച് ഒരു വെറ്ററിനറി യൂണിവേ ഴ്സിറ്റി സ്ഥാപിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അക്കാദമിക് ബ്ലോക്ക് I-ന്റെ നിർമ്മാണം, വയറിംഗ് ഇവ പൂർത്തിയായി. അക്കാദമിക് ബ്ലോക്ക് II-ന്റെ നിർമ്മാണം റീടെൻഡർ ചെയ്തിട്ടുണ്ട്. ഫ്ളാറ്റുകളുടെയും ക്വാർട്ടേഴ്സുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഫാം കെട്ടിടങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(ബി) പൂക്കോട് വെറ്ററിനറി കോളേജിന്റെ സ്ഥാപനത്തിനായി 2000-2001 മുതൽ സർവ്വകലാശാല ബഡ്ജറ്റിൽ വകയിരുത്തിയ തുക താഴെക്കൊടുത്തി രിക്കുന്നു:

2000-2001	. .	075.000	ലക്ഷം
2001-2002	. .	235.750	,,
2002-2003	. .	460.650	,,
2003-2004	. .	490.920	,,

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി ആന്റ് ഇ) റിപ്പോർട്ട് കിട്ടിയതിനുശേഷം അതിനെപ്പറ്റിയും ആലോചി ക്കുന്നതാണ്.

(എഫ്) മണ്ണുത്തി വെറ്ററിനറി കോളേജിലെ സൗകര്യങ്ങൾ ഉപയോഗ പ്പെടുത്തി ക്ലാസ്സുകൾ താൽക്കാലികമായി മണ്ണുത്തിയിൽ നടന്നുവരുന്നു.

(ജി) ഇക്കൊല്ലം തന്നെ ക്ലാസ്സുകൾ അവിടേയ്ക്ക് മാറ്റുവാൻ നടപടി സ്വീകരിക്കുന്നതാണ്.

(എച്ച്) നിർമ്മാണം പൂർത്തിയായ അക്കാദമിക്ക് ബ്ലോക്ക് I-ൽ ലൈബ്രറിയും ചില ലബോറട്ടറിയും സജ്ജീകരിച്ചു. ധനത്തിന്റെ ലഭ്യതയനുസരിച്ച് ഹോസ്റ്റലു കളുടെ നിർമ്മാണം പൂർത്തിയാക്കുന്നതാണ്.

(ഐ) കോളേജ് മാറ്റുന്നതിനെതിരെ ചില രക്ഷകർത്താക്കളും അദ്ധ്യാപകരും ഗവൺമെന്റിൽ നേരിട്ടു പരാതി ബോധിപ്പിച്ചിട്ടുണ്ട്.

(ജെ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly